سورة الضحى

93. സൂറതുദ്ദ്വുഹാ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 11

ഒരിക്കൽ കുറച്ച് ദിവസങ്ങളോളം നബിﷺക്ക് വഹ്‌യുംകൊണ്ട് ജിബ്‌രീൽ (അ) വരാതിരിക്കുകയും, 'മുഹമ്മദിനെ അവന്റെ റബ്ബ് വെടിഞ്ഞിരിക്കുന്നു' എന്ന് അവിശ്വാസികൾ പരിഹസിച്ചു പറയുവാൻ തുടങ്ങുകയും ചെയ്കയുണ്ടായി എന്നും, ഈ അവസരത്തിലാണ് ഈ സൂറത്ത് അവതരിച്ചതെന്നും പല രിവായത്തുകളിലും കാണാം. വിശദാംശങ്ങളിൽ വ്യത്യാസം കാണുമെങ്കിലും അവയുടെ ചുരുക്കം അതാണ്. കൂട്ടത്തിൽ ഏറ്റവും ബലവത്തായ രിവായത്ത് ഇതാകുന്നു: ജുൻദുബുബ്നു അബ്ദില്ലാ (റ) പറയുന്നു: 'നബി തിരുമേനിﷺ ഒന്നോരണ്ടോ രാത്രി സുഖമില്ലായ്കയാൽ എഴുന്നേൽക്കാതിരിക്കുകയുണ്ടായി. ഈ അവസരത്തിൽ ഒരു സ്ത്രീ വന്ന് ഇങ്ങനെ പറഞ്ഞു: മുഹമ്മദേ, നിന്റെ പിശാച് നിന്നെ ഉപേക്ഷിച്ചിരിക്കുന്നുവെന്നല്ലാതെ ഞാൻ കരുതുന്നില്ല. ഈ അവസരത്തിലാണ് والضحى والليل (എന്ന ഈ സൂറത്ത്) അവതരിച്ചത്.'(അ; ബു; മു; തി; ന.)

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

وَٱلضُّحَىٰ ﴿١﴾

(1) പൂർവ്വാഹ്നം തന്നെയാണ (സത്യം)!

وَٱلَّيْلِ إِذَا سَجَىٰ ﴿٢﴾

(2) രാത്രിതന്നെയാണ (സത്യം) -അത് ശാന്തമാകുമ്പോൾ!

مَا وَدَّعَكَ رَبُّكَ وَمَا قَلَىٰ ﴿٣﴾

(3) (നബിയേ) നിന്റെ റബ്ബ് നിന്നെ വിട്ടുകളഞ്ഞിട്ടില്ല, (നിന്നോട്) ഈർഷ്യത കാട്ടിയിട്ടുമില്ല.

وَلَلْـَٔاخِرَةُ خَيْرٌ لَّكَ مِنَ ٱلْأُولَىٰ ﴿٤﴾

(4) നിശ്ചയമായും, പരലോകം നിനക്ക് ആദ്യലോകത്തെ [ഇഹലോകത്തെ]ക്കാൾ ഉത്തമമാകുന്നു.

وَلَسَوْفَ يُعْطِيكَ رَبُّكَ فَتَرْضَىٰ ﴿٥﴾

《5》 വഴിയെ നിന്റെ റബ്ബ് നിനക്ക് നിശ്ചയമായും തരുകയും ചെയ്യും. അപ്പോൾ നീ തൃപ്തിപ്പെടുന്നതാണ്.

《1》 وَالضُّحَىٰ പൂർവ്വാഹ്നം (ഇളയുച്ച)തന്നെയാണ 《2》 وَاللَّيْلِ രാത്രി തന്നെയാണ إِذَا سَجَىٰ അത് ശാന്തമാകുമ്പോൾ, അടങ്ങിയാൽ, മൂടിയാൽ 《3》 مَا وَدَّعَكَ നിന്നെ വിട്ടുകളഞ്ഞിട്ടില്ല, ഉപേക്ഷിച്ചിട്ടില്ല, യാത്ര പറഞ്ഞു പിരിഞ്ഞിട്ടില്ല رَبُّكَ നിന്റെ റബ്ബ് وَمَا قَلَىٰ അവൻ വെറുപ്പ് (കോപം- ഈർഷ്യത) കാട്ടിയിട്ടുമില്ല 《4》 وَلَلْآخِرَةُ നിശ്ചയമായും പരലോകം, അവസാനത്തേതുതന്നെ خَيْرٌ لَكَ നിനക്ക് ഉത്തമമാണ്, ഗുണമായതാണ് مِنَ الْأُولَىٰ ആദ്യലോകത്തെക്കാൾ, ആദ്യത്തേതിനെക്കാൾ 《5》 وَلَسَوْفَ നിശ്ചയമായും വഴിയെ يُعْطِيكَ നിനക്ക്തരും, നൽകും رَبُّكَ നിന്റെ റബ്ബ് فَتَرْضَىٰ അപ്പോൾ നീതൃപ്തിപ്പെടും, തൃപ്തി അടയും

വെളിച്ചം നൽകി ലോകത്തെ ഉൻമേഷഭരിതമാക്കുന്ന പകലിനെയും, ഇരുട്ടുമൂടി ലോകത്തെ ശാന്തമാക്കുന്ന രാത്രിയെയുംകൊണ്ട് സത്യം ചെയ്തശേഷം, അല്ലാഹു നബി തിരുമേനിﷺയെ സാന്ത്വനപ്പെടുത്തുകയും അതിപ്രധാനമായ ചില സന്തോഷവാർത്തകൾ അറിയിക്കുകയും ചെയ്യുന്നു. തിരുമേനിയെ അല്ലാഹു കൈവെടിയുകയോ പുറംതള്ളുകയോ ചെയ്തിട്ടില്ല; അവിടത്തോട് അവന് യാതൊരു വെറുപ്പോ കോപമോ ഉണ്ടായിട്ടുമില്ല; അൽപദിവസം വഹ്‌യ് വരുവാൻ താമസിച്ചു പോകുന്നതോ, പ്രബോധനമാർഗത്തിൽ ബുദ്ധിമുട്ടുകൾ നേരിടുന്നതോ അല്ലാഹു കൈവെടിഞ്ഞതുകൊണ്ട് സംഭവിക്കുന്നതല്ല. രാവും പകലും പോലെ, ഇരുട്ടും വെളിച്ചവുംപോലെ സുഖദുഃഖസമ്മിശ്രമാണ് ഈ ലോകം. ഇവിടെവെച്ച് അൽപം ചില വിഷമങ്ങളെല്ലാം സഹിക്കേണ്ടിവന്നാലും പരലോകത്ത് തിരുമേനിക്ക് ഏറ്റവും ഉത്തമവും ക്ലേശരഹിതവുമായ ജീവിതമായിരിക്കും സിദ്ധിക്കുക. മാത്രമല്ല, തിരുമേനിക്ക് പരിപൂർണമായും തൃപ്തിവരുമാറ് വേണ്ടതെല്ലാം അല്ലാഹു വഴിയെ കൊടുത്തരുളുകയും ചെയ്യുന്നതാണ്. അതുകൊണ്ട് തൽക്കാലം ക്ഷമ കൈക്കൊള്ളുകയും, ഭാവിയെപ്പറ്റി സുപ്രതീക്ഷയോടിരിക്കുകയും ചെയ്തുകൊള്ളുക എന്നൊക്കെയാണ് ഈ വചനങ്ങളുടെ താൽപര്യം.

الاخِرَةُ ('അൽ- ആഖിറത്ത്') എന്ന വാക്കിന് 'അവസാനത്തേത്' എന്നും الْأُولَىٰ ('അൽ- ഊലാ') എന്ന വാക്കിന് 'ആദ്യത്തേത്' എന്നുമാണ് സാക്ഷാൽ അർത്ഥം. പരലോകത്തെ ഉദ്ദേശിച്ചാണ് 'അൽ- ആഖിറത്ത്' ക്വുർആനിൽ സാധാരണ ഉപയോഗിക്കപ്പെടാറുള്ളത്. ഭാഷയിലും ഇത് സാധാരണമാണ്. അതുകൊണ്ട് മുഫസ്സിറുകൾ മിക്കവാറും ആ അർത്ഥമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. ഇതിനെത്തുടർന്ന് 'അൽ- ഊലാ'ക്ക് 'ഇഹലോകം' എന്നും അർത്ഥം കൽപിക്കപ്പെട്ടിരിക്കുന്നു. നബിﷺയുടെ ജീവിതത്തിന്റെ അല്ലെങ്കിൽ പ്രവാചകത്വത്തിന്റെ- ആദ്യഘട്ടവും അവസാനഘട്ടവുമാണ് ഇവിടെ ഉദ്ദേശ്യമെന്നും ചിലർക്ക് അഭിപ്രായമുണ്ട്. ഇസ്‌ലാമിന് പ്രചാരവും വിജയവും സിദ്ധിച്ചത് അവസാനഘട്ടത്തിലാണല്ലോ. 5 -ാം വചനത്തിലെ വാഗ്ദാനവും ഏതാണ്ട് ഇതേകാലത്തെ ഉദ്ദേശിച്ചാണെന്നും ചിലർ പറഞ്ഞിരിക്കുന്നു. എന്നാൽ, നബി തിരുമേനിﷺക്ക് അല്ലാഹു നൽകുവാനിരിക്കുന്ന പാരത്രികമായ അനുഗ്രഹങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ, ഇഹത്തിൽവെച്ച് തിരുമേനിക്ക് ലഭിച്ച അനുഗ്രഹങ്ങൾ വളരെ

പരിമിതമാണ് എന്ന് പറയേണ്ടതില്ല. എന്നിരിക്കെ, ഭാവിയെ സംബന്ധിച്ച ഈ വാഗ്ദാനങ്ങൾ ഈ സൂറത്ത് അവതരിച്ചതിനുശേഷം അവിടുത്തേക്ക് ലഭിക്കുവാനിരിക്കുന്ന എല്ലാ അനുഗ്രഹങ്ങളെയും– അത് ഇഹത്തിൽവെച്ചാകട്ടെ, പരത്തിൽവെച്ചാകട്ടെ– ഉൾപ്പെടുത്തുന്നു എന്നും വരാവുന്നതാണ്. والله اعلم. ഭാവി നേട്ടങ്ങളെപ്പറ്റി സന്തോഷവാർത്ത അറിയിച്ചശേഷം, കഴിഞ്ഞകാലത്ത് നൽകപ്പെട്ട ചില അനുഗ്രഹങ്ങളെ അല്ലാഹു എടുത്തു കാണിക്കുന്നു:-

أَلَمْ يَجِدْكَ يَتِيمًا فَـَٔاوَىٰ ﴿٦﴾

﴾6﴿ നിന്നെ അവൻ അനാഥനായി കാണുകയും, എന്നിട്ട് (നിനക്ക്) ആശ്രയം നൽകുകയും ചെയ്തില്ലേ?!

وَوَجَدَكَ ضَآلًّا فَهَدَىٰ ﴿٧﴾

﴾7﴿ നിന്നെ അവൻ വഴി അറിയാത്തവനായി കാണുകയും, എന്നിട്ട് (നിനക്ക്) മാർഗദർശനം നൽകുകയും ചെയ്തിരിക്കുന്നു.

وَوَجَدَكَ عَآئِلًا فَأَغْنَىٰ ﴿٨﴾

﴾8﴿ നിന്നെ അവൻ ദരിദ്രനായികാണുകയും, എന്നിട്ട് (നിനക്ക്) ധന്യത നൽകുകയും ചെയ്തിരിക്കുന്നു.

﴾6﴿ أَلَمْ يَجِدْكَ നിന്നെ അവൻ കണ്ടെത്തി (കണ്ടുമുട്ടി- കണ്ടി)ല്ലേ يَتِيمًا അനാഥനായിട്ട് فَـَٔاوَىٰ എന്നിട്ട് അവൻ അഭയം (ആശ്രയം -രക്ഷ) നൽകി, ചേർത്തുതന്നു ﴾7﴿ وَوَجَدَكَ നിന്നെ അവൻ കണ്ടെത്തുകയും ചെയ്തു ضَآلًّا വഴി അറിയാത്ത (തെറ്റിയ- പരിഭ്രമിച്ച)വനായിട്ട് فَهَدَىٰ എന്നിട്ടവൻ വഴികാട്ടിത്തന്നു, മാർഗദർശനം നൽകി ﴾8﴿ وَوَجَدَكَ നിന്നെകണ്ടെത്തുകയും ചെയ്തു عَآئِلًا ദരിദ്രനായി, പ്രാരാബ്ധക്കാരനായി فَأَغْنَىٰ എന്നിട്ടവൻ ധന്യത നൽകി, ധനം നൽകി, പര്യാപ്തമാക്കി

നബിﷺക്ക് സിദ്ധിച്ച മൂന്ന് അനുഗ്രങ്ങളെക്കുറിച്ചാണ് അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത്. (1) അവിടുന്ന് ഒരു അനാഥനായിരുന്നുവെങ്കിലും അവിടുത്തേക്ക് വേണ്ടുന്ന ആശ്രയവും സംരക്ഷണവും നൽകി അനുഗ്രഹിച്ചു. അതെ, അവിടുന്ന് ഗർഭത്തിലായിരുന്നപ്പോൾ തന്നെ പിതാവും, ആറുവയസ്സായപ്പോഴേക്ക് മാതാവും കാലഗതി അടഞ്ഞു. അങ്ങനെ മാതാവും പിതാവുമില്ലാത്ത ഒരനാഥനായിത്തീർന്നു. പക്ഷേ, ആദ്യം പിതാമഹനും, അദ്ദേഹത്തിന്റെശേഷം പിതൃവ്യനും തിരുമേനിയെ ഏറ്റെടുത്ത് പരിപാലിക്കുകയും, വളരെ ഓമനിച്ചും ആദരിച്ചുംകൊണ്ട് വളർത്തിപ്പോരുകയും ചെയ്തു. പ്രവാചകത്വം ലഭിച്ചപ്പോൾ പിതൃവ്യനായ അബൂത്വാലിബ് അതിൽ വിശ്വസിച്ചില്ലെങ്കിലും തിരുമേനിയോട് വളരെ അധികം സ്നേഹത്തോടും വാത്സല്യത്തോടുംകൂടി പെരുമാറിയെന്ന് മാത്രമല്ല, ശത്രുക്കളുടെ അക്രമമർദ്ദനങ്ങളെ നേരിട്ടുകൊണ്ട് തിരുമേനിയെ തന്നാലാകുംവിധം സഹായിക്കുകയും ചെയ്തിരുന്നു. ഹിജ്റഃയുടെ അൽപം മുമ്പ് അബൂത്വാലിബ് മരണപ്പെടുന്നതുവരെ തിരുമേനി അദ്ദേഹത്തിന്റെ സംരക്ഷണത്തിൽതന്നെ തുടർന്നുവന്നു. അദ്ദേഹത്തിന്റെ വിയോഗത്തിൽ തിരുമേനി അത്യധികം വ്യസനിക്കയുണ്ടായി. ഏറെത്താമസിയാതെ, മദീനാ നിവാസികൾ തിരുമേനിയെ സ്വന്തം കുടുംബാം

ഗങ്ങളെപ്പോലെ സഹായിച്ചുകൊള്ളാമെന്ന് ഉടമ്പടി ചെയ്യുകയും, അതവർ തികച്ചും പാലിക്കുകയും ചെയ്തു. ഇതെല്ലാം ഒന്നാമത്തെ അനുഗ്രഹത്തിൽ ഉൾപ്പെട്ടതാണ്.

(2) നേർവഴിയും സൻമാർഗവും ഏതാണ്, എങ്ങനെയാണ് എന്നൊന്നും അറിയാത്ത ആളായിരുന്നു തിരുമേനി. എങ്കിലും അല്ലാഹു അവിടുത്തേക്ക് സൻമാർഗദർശനം നൽകി അനുഗ്രഹിച്ചു. സ്വകുടുംബത്തിൽനിന്നോ, വേദഗ്രന്ഥങ്ങൾ വഴിയോ സൻമാർഗമെന്താണെന്ന് മനസ്സിലാക്കുവാൻ അവിടുത്തേക്ക് അവസരം ലഭിച്ചിട്ടുണ്ടായിരുന്നില്ല. എഴുത്തും വായനയും അറിഞ്ഞുകൂടാ. ഇതിനെപ്പറ്റി സൂറ: ശൂറായിൽ അല്ലാഹു പറയുന്നത് ഇപ്രകാരമാണ്: مَا كُنتَ تَدْرِي مَا الْكِتَابُ وَلا الإِيمَانُ (വേദഗ്രന്ഥമാകട്ടെ, സത്യവിശ്വാസമാകട്ടെ എന്താണെന്ന് നിനക്ക് അറിയാമായിരുന്നില്ല, 42 : 52) ഇങ്ങനെയുള്ള തിരുമേനിയെ വേദഗ്രന്ഥങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ ഒരു വേദഗ്രന്ഥം നൽകി അല്ലാഹു അനുഗ്രഹിച്ചു. പ്രവാചകൻമാരിൽ ശ്രേഷ്ഠനും, സമസ്തലോകത്തിന്നായുള്ള റസൂലുമാക്കി നിയോഗിക്കുകയും ചെയ്തു.

(3) അന്യരെ ആശ്രയിച്ച് കഴിയുമാറുള്ള ദാരിദ്ര്യാവസ്ഥ നീക്കി അന്യാശ്രയംകൂടാതെ ധന്യനായി കഴിഞ്ഞുകൂടത്തക്ക നില അല്ലാഹു തിരുമേനിക്ക് നൽകി. പിതാവിൽനിന്ന് തിരുമേനിക്ക് അനന്തരമായി കാര്യമായ സ്വത്തുക്കളൊന്നും സിദ്ധിച്ചിരുന്നില്ല. പിതാമഹനെയും, പിതൃവ്യനെയും ആശ്രയിക്കേണ്ടിവന്നു. പിന്നീട്- ഈ സൂറത്ത് അവതരിക്കുന്നതിനുമുമ്പുതന്നെ- സ്വപത്നിയായ ഖദീജഃ (റ) തന്റെ ധനംകൊണ്ട് നബിﷺയെ സഹായിച്ചുവന്നു. പ്രവാചകത്വം സിദ്ധിക്കുന്നതിന് മുമ്പ് തിരുമേനി കച്ചവടം നടത്തുകയുണ്ടായിട്ടുണ്ട്.ഹിജ്റഃക്ക് ശേഷം അൻസ്വാരികളുടെ സഹായങ്ങളും സിദ്ധിച്ചു.പിന്നീട് യുദ്ധങ്ങളിൽ ലഭിക്കുന്ന 'ഗനീമത്ത്' സ്വത്തുക്കളിൽനിന്ന് നിയമാനുസൃതമുള്ള ഒരു പങ്കും തിരുമേനിക്ക് അനുവദിക്കപ്പെട്ടിട്ടുണ്ടായിരുന്നു. അങ്ങനെ, അത്യാവശ്യങ്ങൾ മറ്റുള്ളവരെ ആശ്രയിക്കാതെ തട്ടിനീങ്ങിക്കൊണ്ടിരിക്കുമാറുള്ള പരിതഃസ്ഥിതിയുണ്ടായി എന്നർത്ഥം. എന്നല്ലാതെ, തിരുമേനി ഒരു ധനാഢ്യനോ, ലക്ഷപ്രഭുവോ ആയിത്തീർന്നു എന്ന് ഇതിനർത്ഥമില്ല. ചരിത്രം അറിയുന്നവർക്കെല്ലാം അറിയാവുന്ന ഒരു പരമാർത്ഥമാണിത്. ഒരു രാജാവായ പ്രവാചകനാകുന്നതിനെക്കാൾ ഒരു പ്രവാചകനായ അടിയാനായിരിക്കുവാനാണ് അവിടുന്ന് ഇഷ്ടപ്പെട്ടത്.

ധനത്തിനും, ധന്യതക്കും തിരുമേനി കൽപിച്ചിട്ടുള്ള അർത്ഥംതന്നെ ഇന്ന് നാം അതിന്ന് കൽപിക്കാറുള്ള അർത്ഥമല്ല. തിരുമേനി കൽപിച്ച അർത്ഥത്തിൽ നോക്കുമ്പോൾ, തിരുമേനിയെക്കാൾ വമ്പിച്ച ഒരു ധനവാൻ ലോകത്തില്ല എന്ന് സമ്മതിക്കേണ്ടിവരും. അവിടുന്ന് പറയുന്നു: ليس الغني عن كثرة العرض ولكن الغنى غنى النفس – متفق عليه (ധനം എന്നത് വസ്തുക്കളുടെ ആധിക്യം കൊണ്ടുള്ളതല്ല. പക്ഷേ, ധനം മനസ്സിന്റെ ധന്യതയാണ്. (ബു; മു) അതെ, ഉള്ളതിൽ തൃപ്തിപ്പെടുവാനും, അന്യരെ ആശ്രയിക്കാതിരിക്കുവാനുമുള്ള മനക്കരുത്തുണ്ടായിരിക്കുക. ഇതാണ് തിരുമേനിയുടെ അടുക്കൽ ധനം.

فَأَمَّا ٱلْيَتِيمَ فَلَا تَقْهَرْ ﴿٩﴾

﴾9﴿ എന്നിരിക്കെ, അനാഥയെ നീ കീഴടക്കിവെക്കരുത്.

وَأَمَّا ٱلسَّآئِلَ فَلَا تَنْهَرْ ﴿١٠﴾

﴾10﴿ ചോദിച്ചുവരുന്നവനെ നീ മിരട്ടിവിടുകയും അരുത്.

وَأَمَّا بِنِعۡمَةِ رَبِّكَ فَحَدِّثۡ ﴿١١﴾

《11》 നിന്റെ റബ്ബിന്റെ അനുഗ്രഹത്തെക്കുറിച്ച് നീ വർത്തമാനം പറയുകയും ചെയ്യുക.

《9》 فَأَمَّا എന്നിരിക്കെ, അപ്പോൾ ٱلۡيَتِيمَ അനാഥയെ فَلَا تَقۡهَرۡ നീ കീഴടക്കിവെക്കരുത്, സ്വേച്ഛാധികാരം നടത്തരുത് 《10》 وَأَمَّا ٱلسَّآئِلَ അപ്പോൾ ചോദിക്കുന്നവനെ فَلَا تَنۡهَرۡ നീ മിരട്ടിവിടരുത്, ആട്ടി (ആക്ഷേപിച്ചു) കളയരുത് 《11》 وَأَمَّا بِنِعۡمَةِ അപ്പോൾ അനുഗ്രഹത്തെപ്പറ്റി رَبِّكَ നിന്റെ റബ്ബിന്റെ فَحَدِّثۡ നീ വർത്തമാനം പറയുക, സംസാരിക്കുക

ദാരിദ്ര്യത്തിന്റെയും, അനാഥത്വത്തിന്റെയും അനുഭവങ്ങൾ നേരിട്ടറിഞ്ഞ ആളെന്ന സ്ഥിതിക്ക് അനാഥകളുടെയും, സഹായം അർത്ഥിച്ചുവരുന്ന സാധുക്കളുടെയും സ്ഥിതിഗതികൾ നബിﷺക്ക് നല്ലപോലെ അറിയാവുന്നതാണല്ലോ. ആ നിലക്കും, അല്ലാഹു തനിക്കുചെയ്ത അനുഗ്രഹങ്ങൾക്ക് നന്ദിയെന്ന നിലക്കും അവരുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതുണ്ടെന്നും, അവരെ വെറുപ്പിക്കുകയോ അവരോട് അപമര്യാദയായി പെരുമാറുകയോ ചെയ്യരുതെന്നും അല്ലാഹു നബിﷺയെ ഉപദേശിക്കുന്നു. കഴിഞ്ഞ വചനങ്ങളിൽ തിരുമേനിക്ക് സിദ്ധിച്ച മൂന്ന് അനുഗ്രഹങ്ങളെയാണ് എടുത്തുകാട്ടിയത്. ഈ വചനങ്ങളിൽ അതുപോലെ മൂന്ന് കാര്യങ്ങളെക്കുറിച്ച് ഉപദേശിക്കുകയും ചെയ്തിരിക്കുന്നു. ഈ വചനങ്ങൾ നബിﷺയെ അഭിമുഖീകരിച്ചുകൊണ്ടുള്ളതാണെങ്കിലും, വാസ്തവത്തിൽ അവ ഓരോ സത്യവിശ്വാസിക്കും ബാധകമാണെന്നുള്ളതിൽ സംശയമില്ല.

1 -ാമത്തേത് യത്തീമിനെ- പിതാവ് മരണപ്പെടുകയും പ്രായപൂർത്തി എത്താതിരിക്കുകയും ചെയ്ത അനാഥക്കുട്ടിയെ- കീഴടക്കി വെക്കരുതെന്നുള്ളതാണ്. അനാഥക്കുട്ടികളുടെ കാര്യത്തിൽ വന്നിട്ടുള്ള ക്വുർആൻ വചനങ്ങളും നബിവചനങ്ങളും സാമാന്യമായെങ്കിലും അറിയുന്നവർക്ക് തൽവിഷയത്തിന് ഇസ്‌ലാം കൽപിച്ചിട്ടുള്ള പ്രാധാന്യം മറ്റൊരു മതമോ, സമുദായമോ കൽപിച്ചിട്ടില്ലെന്ന് വ്യക്തമാകുന്നതാണ്.

2 -ാമത്തേത് ചോദിച്ചു വരുന്നവനെ മിരട്ടിവിടരുതെന്നുള്ളതാണ്. കയ്യിലുണ്ടെങ്കിൽ കൊടുക്കുക, ഇല്ലാത്തപക്ഷം നല്ലവാക്ക് പറഞ്ഞു വിടുക, എന്നല്ലാതെ അവനോട് പരുഷമായ വാക്കുകൾ പറഞ്ഞോ മര്യാദയല്ലാത്ത പെരുമാറ്റം പെരുമാറിയോ നിന്ദിക്കുവാനും, ആക്ഷേപിക്കുവാനും പാടില്ലാത്തതാണ്. യാചന ഒരു നല്ല കാര്യമല്ല. ഇസ്‌ലാം അത് ഇഷ്ടപ്പെടുന്നില്ല. എങ്കിലും ചോദിച്ചുവരുന്നവനോട് നല്ല നിലക്ക് വർത്തിക്കുന്നത് ചോദിക്കപ്പെടുന്നവന്റെ കടമയാകുന്നു. ഈ വിഷയത്തിലും നബി തിരുമേനിﷺയുടെ പതിവ് പരക്കെ അറിയപ്പെട്ടതാണ്. ചോദിച്ചുവരുന്ന ഒരാളെയും അവിടുന്ന് വെറും കയ്യോടെ മടക്കി വിട്ടിരുന്നില്ല. ഒന്നും കൈവശമില്ലാത്തപ്പോൾ സൗമ്യമായ വാക്ക് പറയുകയും പിന്നീട് കൈവശം കിട്ടുമ്പോൾ കൊടുക്കാമെന്ന് വാഗ്ദാനം ചെയ്കയും, അത് നിറവേറ്റുകയും ചെയ്യുമായിരുന്നു.

3 -ാമത്തേത് അല്ലാഹു നൽകിയ അനുഗ്രഹങ്ങളെക്കുറിച്ച് വർത്തമാനം പറയുക എന്നുള്ളതാണ്. അതായത്, അല്ലാഹുവിങ്കൽ നിന്ന് ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങളെ മൂടിവെക്കാതെ സന്തോഷം പ്രകടിപ്പിക്കുകയും, കൃതജ്ഞതാപൂർവം സ്മരിക്കുകയും, സന്ദർഭോചിതം പ്രസ്താവിക്കുകയും, അതിന്റെ അടയാളം പുറമെ പ്രകടമായിക്കാണുകയും ചെയ്യുക. അല്ലാഹു പറയുന്നു: لئن شكرتم لأزيدنكم ولئن كفرتم ان عذابي لشديد (നിങ്ങൾ നന്ദി

കാണിക്കുന്നപക്ഷം നിശ്ചയമായും ഞാൻ നിങ്ങൾക്ക് വർദ്ധിപ്പിച്ചുതരും. നിങ്ങൾ നന്ദികേടുകാട്ടിയെങ്കിലോ നിശ്ചയമായും എന്റെ ശിക്ഷ കഠിനമായതുമാണ്. (സൂറ: ഇബ്റാഹീം, 7) നബി തിരുമേനിﷺ പറയുന്നു: 'തന്റെ അടിയാന്റെമേൽ താൻ ചെയ്ത അനുഗ്രഹത്തിന്റെ അടയാളം അവന്റെ മേൽ കാണപ്പെടുന്നതിനെ അല്ലാഹു ഇഷ്ടപ്പെടുന്നു.' (തി.) ധനവും കഴിവും ഉണ്ടായിരുന്നിട്ടും താണതരം വസ്ത്രം ധരിച്ചുകണ്ട ഒരാളോട് തിരുമേനി പറയുകയുണ്ടായി: 'എന്നാൽ അല്ലാഹു തനിക്ക് ധനം തന്നിട്ടുള്ള സ്ഥിതിക്ക് അല്ലാഹു ചെയ്ത അനുഗ്രഹത്തിന്റെയും മാന്യതയുടെയും അടയാളം തന്നിൽ കാണപ്പെടട്ടെ' (അ; ന). പക്ഷേ, സന്തോഷമെന്ന നിലക്കും, നന്ദിയായിക്കൊണ്ടുമല്ലാതെ– അഹങ്കാരവും ദുരഭിമാനവുമായിക്കൊണ്ട്– അല്ലാഹു ചെയ്ത അനുഗ്രഹങ്ങളെ എടുത്തുപറയുന്നതും, പ്രകടമാക്കുന്നതും പാടില്ലാത്തതുമാകുന്നു.

ولله الحمد والمنة